QP CODE: 19101840

19101840

Reg No : ....................

Name : ....................

## B A DEGREE (CBCS) EXAMINATION, MAY 2019

**Second Semester**

B.A Malayalam Language and Literature Model I

Complementary Course - **ML2CMT03 - ആധുനിക ലോക കവിത**

2017 ADMISSION ONWARDS

32B3634B

**Maximum Marks: 80** **Time: 3 Hours**

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. *'അടയാളമൊന്നും വീഴ്ത്താതെ കടന്നുപോയ പക്ഷിപ്പറത്തമാണ്*
   *നിലത്തുരേഖപ്പെടുത്തിയ മൃഗായനത്തെക്കാൾ നല്ലത്'- ആശയം വിശകലനം ചെയ്യുക.*

2. *'ഒന്നേ ഞാനറിയൂ – ഞാൻ, അതിനെ പണ്ടെന്നോ ചുംബിച്ചിട്ടുണ്ട്'– സന്ദർഭവും ആശയവും വിശദമാക്കുക.*

3. *'ഇണകൾ' എന്ന കവിതയുടെ ആശയപരിസരം പരിശോധിക്കുക.*

4. *'ഏതുനിമിഷവും ചാടിവീഴാൻ, ഓരോതുള്ളി മഷിയിലുമുണ്ട്, ഒരുകൂട്ടം വേട്ടക്കാർ' - വിവക്ഷിതം വിശദമാക്കുക.*

5. *'കാറ്റുകൾ അവയെ ദൂരെക്കൊണ്ടുപോകുന്നു, വീണ്ടും വിതയ്ക്കുന്നു, മഴയും മഞ്ഞും അവയെ*
   *തീറ്റിപ്പോറ്റുന്നു' – എന്തിനെക്കുറിച്ചാണ് പരാമർശം?* ആശയതലം വിശദമാക്കുക.

6. *'ദൈവം നിനക്ക് ശ്വസിക്കാൻ കരുത്തു തരട്ടെ*
   *ദൈവം നിനക്ക് നിൻ്റമ്മേടെ ശവമടക്കിനു കരുത്തു തരട്ടെ' – സന്ദർഭവും ആശയവും വിശദമാക്കുക.*

7. *'നിന്റെ ഭൂമിതന്നെ എന്റെ ഭൂമി, എല്ലാ കാലുകളും അതിന്മേൽ ചവിട്ടിനടക്കുന്നു' - വിവക്ഷിതം വിശദമാക്കുക.*

8. *'ഞങ്ങൾതന്നെയാണ് വീണ്ടുകിട്ടിയ ജീവിതത്തിന്റെ പ്രതീക്ഷ' – സന്ദർഭവും ആശയവും വിശകലനംചെയ്യുക.*

9. *'പാറയും പാരയും തമ്മിൽ, പാറപൊളിക്കുമ്പോൾ കരാറുകൾ ഉണ്ടായേക്കാം' – സൂചിതം വിശദീകരിക്കുക.*

10. *'ചുരുട്ടിവെക്കാൻ എന്റെ ഹൃദയം കപ്പൽപ്പായയോ മേഘങ്ങളോ അല്ല*
    *എന്റെ ഹൃദയം ഒരു ഭ്രമണപഥമാണ്'– സന്ദർഭം വിശദമാക്കുക.*

11. *'വൃദ്ധയായ ഒരു സ്ത്രീ അയാൾ തന്റെ അമ്മയ്ക്ക് എഴുതുന്നുവെന്ന് കരുതുന്നു' – സന്ദർഭം വിശദമാക്കുക.*

12. *'അതിനാലല്ലോ ഒറ്റപ്പെട്ടു ഞാൻ മനുഷ്യരേ*
    *നിങ്ങളെ വെറു,ത്തന്നങ്ങനെ നിലകൊൾവൂ' – വിവക്ഷിതം വിശദമാക്കുക.*

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

13. *'ആരണ്യഹംസങ്ങൾ' എന്ന കവിതയിലൂടെ യേറ്റ്സ് ആവിഷ്കരിക്കുന്ന പ്രകൃതിദൃശ്യങ്ങൾ പരിചയപ്പെടുത്തുക.*

14. *ബൗദ്ധികതയെക്കാൾ ഇന്ദ്രിയാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്ന കവിതയാണ് 'അയൽക്കാരൻ' - പരിശോധിക്കുക.*

15. *എഴുത്തുകാരിയുടെ ദുരന്തപൂർണമായ ജീവിതത്തിന്റെ പ്രതിഫലനം 'കണ്ടുമുട്ടൽ' എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.*

16. *'പ്രമാണം' എന്ന കവിതയിലൂടെ ജൂഡിത് റൈറ്റ് പങ്കുവയ്ക്കുന്ന ദേശസ്നേഹത്തിന്റെ തലം പരിശോധിക്കുക.*

17. *സ്വത്വാന്വേഷണത്തിന്റെ തലത്തെ സെസാർ വയെഹോ ആവിഷ്കരിക്കുന്നതെങ്ങനെ?*

18. *രാത്രിയുടെ സ്വകാര്യത ഒരു ജനസമൂഹത്തിന്റെ സ്വാതന്ത്ര്യമാകുന്നതെങ്ങനെ?*

19. *അമ്മയോടുള്ള കവിയുടെ വൈകാരികബന്ധം 'എന്റെ അമ്മയോട്' എന്ന കവിതയിൽ എത്രമാത്രം പ്രകടമാണെന്ന് പരിശോധിക്കുക.*

20. *'അഭിസരണം' എന്ന കവിതാശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.*

21. *കൊളോണിയലിസം രൂപപ്പെടുത്തിയ ആഫ്രിക്കൻ ആധുനികകവിതയെക്കുറിച്ച് വിവരിക്കുക.*

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.

22. *ആധുനിക കവിതയുടെ സവിശേഷതകൾ ബോദെലേറിന്റെ കവിതകളിൽ പ്രകടമാകുന്നതെങ്ങനെയെന്ന് 'അൽബാത്രോസി'നെ മുൻനിർത്തി പരിശോധിക്കുക.*

23. *ലോർണാ ക്രോസിയറുടെ 'കളി' എന്ന കവിതയെ ഒരു സ്ത്രീപക്ഷരചനയായി പരിഗണിക്കാമോ – ചർച്ചചെയ്യുക.*

24. *കറുപ്പിന്റെ സൌന്ദര്യാത്മകതലങ്ങളെ അടയാളപ്പെടുത്തുന്ന കവിതയാണ് 'കറുമ്പി' – ചർച്ചചെയ്യുക.*

25. *ആധുനികലോകകവിതയിലെ സ്ത്രീപക്ഷരചനകൾ വിശകലനംചെയ്യുക.*

(2×15=30)